മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# മലവേപ്പ് പുസ്തകപ്രകാശനം



▶ മലവേപ്പ് പുസ്തകത്തിന്റെ പ്രകാശനം കേന്ദ്ര വനം ഡയറക്ടർ ജനറൽ ചന്ദ്രപ്രകാശ് ഗോയൽ നിർവഹിക്കുന്നു

**കോയമ്പത്തൂർ ▶** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആന്റ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രം തയ്യാറാക്കിയ 'മലവേപ്പ് ഒരു ഫീൽഡ് ഗൈഡ്' എന്ന പുസ്തകം കേന്ദ്ര വനം ഡയറക്ടർ ജനറൽ ചന്ദ്രപ്രകാശ് ഗോയൽ പ്രകാശനം ചെയ്തു. മലവേപ്പിന്റെ വിത്തുശേഖരണം, പരിപാലനം, നഴ്സറി രീതികൾ, കാർഷിക വനവത്കരണം തുടങ്ങിയവ സംബന്ധിച്ച് പുസ്തകം തയ്യാറാക്കിയിരിക്കുന്നത് ഡോ. രേഖാ വാര്യരും ഡോ. കണ്ണൻ വാര്യരും ചേർന്നാണ്.

പ്ലൈവുഡിനും പേപ്പർ പൾപ്പിനും ഏറെ യോജിച്ച മരമാണിത്. പുസ്തകം എൻവിസ് കേന്ദ്രത്തിൽനിന്ന് സൗജന്യമായി ലഭിക്കും. ഡയറക്ടർ ജനറൽ അരുൺ സിങ് റാവത്ത്, ഡോ. സി. കുഞ്ഞിക്കണ്ണൻ തുടങ്ങിയവർ സംസാരിച്ചു. ടിഷ്യു കൾച്ചർ തേക്ക്, കാറ്റാടി, യൂക്കാലിപ്റ്റസ് എന്നിവയെക്കുറിച്ചുള്ള ഹ്രസ്വചിത്രങ്ങളും പുറത്തിറക്കി.

48. News in Mathrubhumi, Palakkad, 05.09.2023, by ICFRE- IFGTB.